61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 956 Participant Code: 103

# കേട്ടതും കേൾക്കാത്തതും

നേരം പരപരാന്ന് കറുക്കുമ്പോൾ,
കണ്ണ് മാത്രമേ കൂട്ടിനുണ്ടായിരുന്നുള്ളു.
ഒന്നല്ല, രണ്ടല്ല, അഭയം അർത്ഥിക്കുന്ന
ആയിരം വെളുത്ത ഗോളങ്ങൾ.
തിളങ്ങുന്ന മണൽത്തരികളെത്തഴുകി,
തിളയ്ക്കുന്ന മനോവ്യഥകളെപ്പേറി,
ഭൂമിയുടെ വേലിക്കെട്ടുകൾക്കപ്പുറം മറുതീരങ്ങൾ തേടി
ചാവേറുപടയ്ക്ക് ചാവൊലിപ്പാട്ടിൻ ഈണം പകർന്ന്,
സുഗന്ധം മറന്ന പുകകയ്ക്കുന്ന കാറ്റിനെത്തുളച്ച്
ഭൂമിയുടെ മാറിൽ അഭയം അർത്ഥിക്കുന്ന കാൽപ്പാടുകൾ;
'അഭയാർത്ഥികൾ'
അപ്പോൾ ജീവന്റെ തുടിപ്പിനായി അഭയം അർത്ഥിക്കുന്ന
ഇവരോ?
ചാവേറുകളുടെ കൂർത്ത ചീളുകളെക്കാൾ മൂർച്ചയിൽ
ചങ്കിൽ തറയ്ക്കുന്ന വാക്കുകൾ,
പൊക്കിൾക്കൊടിയിൽ നിന്നിറ്റ കണങ്ങൾ
പുതുമയുടെ പടവുകൾ കയറി മുന്നേറുമ്പോൾ,

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

Item Code: 956 Participant Code: 103

കാണാതിരിക്കാൻ കണ്ണടച്ചിടുന്നു, ഇവളുടെ-
ജീവിതചിത്രം ഏടുകൾ പലതും പുഴുവരിച്ചിട്ടും.
പുതുയുഗത്തിലെ പുതുമനുഷ്യരാകാനായ്,
കേൾക്കാതിരിക്കാനായി കാതടച്ചിടുന്നു..
കരയുന്ന സ്വരമായ കരിന്തിരി നാളത്തെ.
പുതുമയെ പുൽകുന്നു പഴമയെ പഴിക്കുന്നു
പലവുരു കേട്ടിട്ടും കേൾക്കാത്തതായി നടിക്കുന്നു.
പുതുമയുടെ മോടിപ്പടർപ്പിനാൽ വിസ്മരിച്ചു
ഭൂമി അമ്മയാണ്, അമ്മ ഭൂമിയാണ്.
ഭൂമി സനാഥയെന്ന് കോറിയിട്ട താളുകളെ,
മറയ്ക്കാത്തതെന്തേ, വലിഞ്ഞുതൂങ്ങിയ
ഇവളുടെ മാറുകളെ?
ഊഴം നോക്കാതെ ഊട്ടി വളർത്തി,
ഹാ കഷ്ടം. ഇനി ഊഴം കാത്തിരുന്നുറങ്ങാമെന്ന്
ചിരിച്ചത ഈ ചുണ്ടിന് താരാട്ടിൻ താളം തെറ്റിയതു കോ കൊണ്ടോ
അതോ മാറിൽ നിന്ന് ചുരത്തിയ
ചോരയുടെ നിറം വെളുപ്പായതു കൊണ്ട്
പുതിയ മനുഷ്യാ, ~~നിന്റെ~~ ഇവള
ഇവരുടെ കണ്ണിലെ ചോരയും വെളുത്തുപോയോ?

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)